# കണ്ണൂർ ജില്ലയിൽ പാനൂരിൽ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിന് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സാമൂഹ്യ ആഘാത പഠനം - അന്തിമ റിപ്പോർട്ട്




**19.10.2020**

ചെയർമാൻ
സാമൂഹ്യാഘാത പഠനയൂണിറ്റ്
(കയ്റോസ്, കണ്ണൂർ )

# കണ്ണൂർ ജില്ലയിൽ പാനൂരിൽ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിന് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സാമൂഹ്യ ആഘാത പഠനം - അന്തിമ റിപ്പോർട്ട്

കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിലെ പാനൂർ വില്ലേജിൽപെട്ട പാനൂർ ദേശത്തെ റീ.സ 128/1, 128/2A, 128/2B എന്നിവയിലെ 78.7 ആർ (1.94 ഏക്കർ) സ്വകാര്യ വ്യക്തിയുടെ ഭൂമി പാനൂർ സാമൂഹ്യ ആരോഗ്യകേന്ദ്രത്തെ താലൂക്ക് ആശുപത്രിയായി വികസിപ്പിക്കുന്നതിന്, 2013 ലെ RFCTLARR ആക്ട് പ്രകാരമോ, നെഗോഷിയേറ്റഡ് പർച്ചേസ് പ്രകാരമോ, , ഏറ്റെടുക്കുന്നതുമായി ബന്ധപെട്ടു സാമൂഹ്യ ആഘാത പഠനം നടത്തുന്നതിനായി ചുമതലപ്പെട്ട കയ്റോസ്, കണ്ണൂർ, പ്രസ്തുത പഠനം നടത്തി തയാറാക്കിയ റിപ്പോർട്ടിന്റെ അന്തിമ രൂപം.

## ആമുഖം

പഴയ കൂത്തുപറമ്പ് ബ്ലോക്ക് വിഭജിച്ചുണ്ടായ പാനൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽവരുന്ന പാനൂർ സാമൂഹ്യ ആരോഗ്യകേന്ദ്രത്തിൽ ദിവസേന ശരാശരി 500 രോഗികളെങ്കിലും ചികിത്സ തേടി എത്താറുണ്ട്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 7 ഗ്രാമപഞ്ചായത്തുകൾ, പാനൂർ മുൻസിപ്പാലിറ്റി, കിഴക്കൻ മലയോര മേഖലയിലെ ആദിവാസി/പട്ടികജാതി സമൂഹം തിങ്ങിപ്പാർക്കുന്ന നരിക്കോട് മല, വാഴമല, പാത്തിക്കൽ തുടങ്ങിയ പ്രദേശത്തുള്ളവരും ആശ്രയിക്കുന്നത് ഈ ആശുപത്രിയെയാണ്. ഇപ്പോൾ ഇവിടെ 50 രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യവും അതിനാവശ്യമായ മെഡിക്കൽ ഓഫീസർമാരുടെയും അനുബന്ധ പാരാമെഡിക്കൽ സ്റ്റാഫിന്റെയും സേവനവുമാണ് ലഭ്യമായിട്ടുള്ളത്. ഈ മേഖലയിലെ ഗുരുതരമായ അസുഖബാധിതർക്കും, അപകടം മൂലമോ അത്യാഹിതം മൂലമോ അടിയന്തിര ചികിത്സ തേടേണ്ടവർക്ക് ആശ്രയിക്കാവുന്ന തലശ്ശേരി താലൂക്കാശുപത്രി എന്ന ജനറൽ ആശുപത്രിയാണ്. മികച്ച സേവനം ലഭിക്കുന്ന ആശുപത്രിയാണെങ്കിലും പാനൂർ മേഖലയിൽനിന്ന് കിലോമീറ്ററുകൾ അകലെയുള്ള ഇവിടെ എത്തുമ്പോൾ സ്വാഭാവികമായുണ്ടാകുന്ന ഗതാഗതക്കുരുക്കും അതുവഴിയുണ്ടാകുന്ന സമയനഷ്ടവും അത്യാഹിതത്തിൽപെടുന്ന രോഗികളുടെ ജീവൻ തന്നെ ഇല്ലാതാക്കുന്ന ഏറെ സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. കൂടാതെ പാനൂർ നാൽക്കവലയിൽ നിന്ന് തലശ്ശേരി റോഡിലേക്ക് കേവലം 50 മീറ്റർ മാത്രം അകലെയായി റോഡരികിൽ തന്നെയുള്ള ഈ ആശുപത്രിയിലേക്ക് രോഗികളുമായി വരുന്ന വാഹനങ്ങൾ നിർത്തേണ്ടിവരുന്നത് നാട്ടുകാർ ബസ് കാത്തുനിൽക്കുന്ന

സ്ഥലത്തു തന്നെയായതിനാൽ, പലപ്പോഴും ഗതാഗത കുരുക്ക് ഉണ്ടാകാറുണ്ട്. ആംബുലൻസ് പോലുള്ള അത്യാഹിത സ്വഭാവമുള്ള വാഹനങ്ങൾക്ക് പോലും കയറാനും ഇറങ്ങാനും ശ്രമിക്കുമ്പോൾ തന്നെ കടുത്ത ഗതാഗത കുരുക്ക് ഉണ്ടാകുന്നു. അതിനാൽ ഇതിനുള്ള ഏക പോംവഴി പാനൂർ സാമൂഹ്യആരോഗ്യകേന്ദ്രത്തെ കൂടുതൽ സ്ഥല സൗകര്യമുള്ളിടത്ത് പുതിയ താലൂക്ക് ആശുപത്രിതലത്തിലേക്കു ഉയർത്തുക എന്നതാണ്. നഗരമധ്യത്തിലുള്ള ഈ ആശുപത്രിക്കു ആവശ്യത്തിന് സ്ഥല സൗകര്യം ഇല്ലാത്തതിനാൽ അധികം കെട്ടിടങ്ങൾ നിർമ്മിക്കുക പ്രായോഗികമല്ല. ചെയ്യാൻ പറ്റുന്ന ഏക വഴി ഇപ്പോൾ ഇവിടെയുള്ള ഒറ്റ നിലകെട്ടിടങ്ങൾ ഇടിച്ചു നിരത്തി ബഹുനിലകെട്ടിടം ആക്കുക എന്നതാണ്. 2010ൽ ദേശിയ ഗ്രാമീണ ആരോഗ്യപദ്ധതി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ഈ ഏകനില കെട്ടിടത്തിലാണ് ഒ.പി. വിഭാഗം പ്രവർത്തിക്കുന്നത്. കൂടാതെ ഡോക്ടർമാരുടെയും ജീവനക്കാരുടെയും ക്വാർട്ടേഴ്സുകൾ, എക്സ്റേ മുറി എന്നിവയും പ്രവർത്തിച്ചുവരുന്നുണ്ട്. ഈ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി ബഹുനില കെട്ടിടം നിർമ്മിക്കുമ്പോൾ, നിലവിൽ ഇവിടെ പ്രവർത്തിച്ചുവരുന്നവയെ മാറ്റാനുള്ള സൗകര്യങ്ങളില്ല.കെട്ടിടനിർമ്മാണം പൂർത്തിയാകുന്നതുവരെ പ്രയാസം ഉണ്ടാകുകയും ചെയ്യും.

ആശുപത്രി കെട്ടിടത്തിനായി കിഫ്ബിയിൽ നിന്ന് കഴിഞ്ഞ വർഷം (2019 - 2020) 25 കോടി രൂപ അനുവദിക്കപ്പെട്ടിരുന്നുവെങ്കിലും അനുയോജ്യമായ സ്ഥലം ലഭിക്കാത്തതിനാലാണ് ആ ഫണ്ട് ഉപയോഗിക്കാൻ കഴിയാതെ പോയത്.

ഇപ്പോൾ ആശുപത്രി പ്രവർത്തിച്ചുവരുന്ന 36 സെൻറ് സ്ഥലത്തു വികസന പ്രവർത്തനങ്ങൾ നടത്താൻ സാധ്യമല്ല.താലൂക്ക് തലത്തിലേക്ക് ആശുപത്രിയെ വികസിപ്പിക്കുമ്പോൾ, ജനറൽ മെഡിസിൻ, ഗൈനെക്കോളജി, നേത്രരോഗം, ചർമ്മരോഗം, ദന്തരോഗം, മാനസികാരോഗ്യം, സർജറി, സ്കാനിങ്, അത്യാഹിതം, ഒഫ്താൽമോളജി, ബ്ലഡ്ബാങ്ക് , എക്സ്റേ, ഓർത്തോ എന്നീ വിഭാഗങ്ങളും പേവാർഡ് സൗകര്യവും പുതുക്കിയ പാറ്റേൺ അനുസരിച്ചു സ്റ്റാഫ് ക്വാർട്ടേഴ്സും നിർമ്മിക്കപ്പെടണം. ഇതിനൊക്കെ സ്വകാര്യഭൂമി ഏറ്റെടുക്കപ്പെടേണ്ടതായിവരും.

മുൻ എം.എൽ.എയുടെ ശ്രമഫലമായി ആശുപത്രി വികസനത്തിന് സ്ഥലം കണ്ടെത്തിയെങ്കിലും, നിലവിലുള്ള ആശുപത്രിയിൽ നിന്ന് ഏറെ അകലെ ആയതിനാലും പിന്നീട് ഉടമ വിട്ടുകൊടുക്കാൻ തയാറല്ലാത്തതിനാലും ആ ഉദ്യമത്തിൽ നിന്നും പിന്മാറുകയാണുണ്ടായത്. പിന്നീട് കണ്ണംവെള്ളിയിലെ 2.08 ഏക്കർ സ്ഥലം ഏറ്റെടുത്തു സാമൂഹ്യ ആരോഗ്യകേന്ദ്രം വികസിപ്പിക്കുവാനുള്ള ശ്രമം നടന്നുവെങ്കിലും , നഗരത്തിൽ നിന്നും അല്പം അകലെയായതിനാൽ ആ ശ്രമവും നടന്നില്ല. തുടർന്നാണ് പാനൂർ - പൂക്കോം റോഡിലെ തെക്കേ പാനൂർ ഗുരുക്കൾ

മൊട്ടയിലെ ഈ സ്ഥലം ഏറ്റെടുക്കാനുള്ള ശ്രമം ആരംഭിച്ചത്. മുകളിൽ സൂചിപ്പിച്ചതുപോലെ, മലയോര മേഖലയിലെ ആദിവാസി കോളനിനിവാസികൾക്കും , പട്ടികജാതി കോളനി നിവാസികൾക്കും പാനൂർ മുനിസിപ്പാലിറ്റിയിലും പാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തിലെ ആളുകൾക്കും ഏറ്റവും എളുപ്പത്തിൽ മികച്ച ചികിത്സ സൗകര്യങ്ങൾ ലഭിക്കാനും നിലവിൽ അത്യാഹിതവുമായി തലശ്ശേരിയിൽ എത്താനുള്ള പ്രയാസം ഒഴിവാക്കാനും അതുവഴി കുറെ ഏറെ പേരുടെ ജീവൻ രക്ഷിക്കാനും ഈ വികസനം കൊണ്ട് സാധിക്കുമെന്ന് കരുതാം. ഇവിടുത്തെ നാട്ടുകാരും ഏറെ നാളുകളായി പ്രതീക്ഷയോടെ കാത്തിരിക്കുകയും ചെയ്യുന്ന ഒരു പദ്ധതി കൂടിയാണിത്.

## ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ വിവരം.

പാനൂർ സാമൂഹ്യ ആരോഗ്യകേന്ദ്രത്തിന്റെ വികസനത്തിനായി തലശ്ശേരി താലൂക്കിലെ പാനൂർ വില്ലേജിൽപെട്ട പാനൂർ ദേശത്തെ റീ. സ 128/1, 128/2A, 128/2B എന്നീ നമ്പറുകളിൽപെട്ട 78.7 ആർ സ്വകാര്യഭൂമിയാണ് ഏറ്റെടുക്കപെടേണ്ടിയിരിക്കുന്നത്. ആയതു സംബന്ധിച്ച വിവരങ്ങൾ താഴെ കാണിച്ചിരിക്കുന്നു.

| ക്രമനമ്പർ | സർവേനമ്പർ | വിസ്തീർണം |
|---|---|---|
| 1 | റീ. സ 128/1, 128/2A, 128/2 B | 78.7 ആർ |
| | **ആകെ** | **78.7 ആർ** |



## പകരം ഭൂമി ലഭ്യത.



പാനൂർ ആശുപത്രിവികസനത്തിനായിട്ടാണ് മേൽ കാണിച്ച സർവ്വേ നമ്പറിലുള്ള ഇത്രയും അധികം സ്വകാര്യ ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. മുൻപ് ഇതേ ആവശ്യത്തിനായി ജനകീയ കമ്മിറ്റി പ്രവർത്തിച്ചിരുന്നു. ആ കമ്മിറ്റിയുടെ ശ്രമഫലമായി പാനൂർ ബസ് സ്റ്റാൻഡിനു സമീപത്തുള്ള ബൈപാസ് റോഡിൽ സ്ഥലം കണ്ടെത്തുകയും എന്നാൽ ആ സ്ഥലം ആശുപത്രി വികസനം എന്ന ലക്ഷ്യത്തിനു ഉതകുന്നതല്ല എന്നും ആ പരിമിതമായ സ്ഥലം കൊണ്ട് ആശുപത്രിയുടെ ഭാവി വികസനത്തിന് അപര്യാപ്തമെന്നു തോന്നിയതിനാൽ ആ ഉദ്യമത്തിൽ നിന്നും പിന്തിരിയുകയായിരുന്നു. തുടർന്ന് കണ്ണംവെള്ളി ദേശത്ത് 84.18 ആർ സ്ഥലം കണ്ടെത്തിയിരുന്നു എന്നാൽ പെരിങ്ങളം അംശം കണ്ണംവെള്ളി ദേശത്തെ പ്രസ്തുത സ്ഥലം നഗരത്തിൽനിന്ന് ഏറെ അകലെയാണ് കൂടാതെ മെച്ചപ്പെട്ട ഗതാഗത സൗകര്യം ഒരുക്കുന്നതിന് നിലവിലുള്ള ഇടുങ്ങിയ ഇടവഴിപോലുള്ള ചെമ്മൺ പാതകൾ വികസിപ്പിച്ചെടുക്കുന്നതിനു കൂടുതൽ സാമ്പത്തിക ബാധ്യതയും ഉണ്ടാകും. അതുകൊണ്ടുതന്നെ



ഇപ്പോൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമി, പാനൂർ നഗരത്തിലെ നാൽകവലയിൽനിന്നു പൂക്കോം റോഡിൽ ഏകദേശം ഒന്നര കിലോമീറ്റർ അകലെയായി തെക്കേ പാനൂർ ഗുരുക്കൾ മൊട്ടക്ക്, പാനൂർ പൂക്കോം റോഡിൽ ഇടതു വശത്തായും (കിഴക്കുഭാഗത്തു) കണ്ണംവെള്ളിതെരു ശിവക്ഷേത്രം വടക്കേനട മുതൽ കണ്ണംവെള്ളി ഇല്ലം വരെയുള്ള നടപ്പാതക്ക് വടക്കുഭാഗത്തായുമായും റോഡിനോട് ചേർന്ന് തന്നെ കിടക്കുന്ന ഏറെ അനുയോജ്യമായ സ്ഥലമാണ്. കൂടാതെ ഈ സ്ഥലത്തിന് സമാന്തരമായി വടക്കു ഭാഗത്തു ആൾ താമസമില്ലാതെ ഒരു ഏക്കറോളം ഭൂമിയുണ്ട് ഇത് ഭാവി വികസന പ്രവർത്തനത്തിന്

ഉപകാരപ്രദമാണ്. ഈ ഘടകങ്ങൾ ഒക്കെ വച്ച് നോക്കുമ്പോൾ ഏറ്റവും അനുയോജ്യമായ സ്ഥലം ഇതുതന്നെയാണ്. അതിനാൽ തന്നെ പകരം ഭൂമി എന്നത് പരിഗണിക്കേണ്ടതില്ല.

## ഭൂമി ഏറ്റെടുക്കുന്നത് പൊതു ആവശ്യത്തിനാണോ?

പാനൂർ സാമൂഹിക ആരോഗ്യകേന്ദ്രത്തിനെ താലൂക്കാശുപത്രിയായി വികസിപ്പിക്കുന്നതിന് പാനൂർ വില്ലേജിലെ പാനൂർ ദേശത്തിലെ റീ.സ 128/1, 128/2A, 128/2B യിലെ 78.7 ആർ ഭൂമിയാണല്ലോ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. ഈ ഭൂമി ആശുപത്രി വികസനത്തിന് ഏറ്റെടുത്തു നൽകണം എന്ന് ആവശ്യപ്പെടുന്ന അർത്ഥനാധികാരി കണ്ണൂർ ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം) ആണ്. ഭൂമി ഏറ്റെടുക്കുന്നതിന് നേതൃത്വം നൽകുന്നത് ജില്ലാ കളക്ടറും ഇതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നത് സർക്കാരുമാണ്. ഇതിനേക്കാൾ ഉപരിയായി പാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ഏഴോളം ഗ്രാമപഞ്ചായത്തുകളിലെയും പാനൂർ മുനിസിപ്പാലിറ്റിയിലെയും പൊതുജനങ്ങൾക്കും, ഒറ്റപ്പെട്ട മലയോര മേഖലയിൽ താമസിക്കുന്ന ആദിവാസി ജനസമൂഹത്തിനും എളുപ്പത്തിൽ ആശ്രയിക്കാവുന്ന ഒരു മികച്ച സൗകര്യമുള്ള ആശുപത്രിക്കായാണ് ഭൂമി ഏറ്റെടുക്കപെടുന്നത്. നഗര മധ്യത്തിലെ പരിമിത സൗകര്യത്തിൽ വീർപ്പുമുട്ടി കഴിയുന്ന ഇന്നത്തെ ആശുപത്രിക്കു മികച്ച വിദഗ്ധ സേവനം നല്കാൻ കഴിയാത്ത സാഹചര്യത്തിൽ, തലശ്ശേരി ജനറൽ ആശുപത്രിയെ ആശ്രയിക്കേണ്ടിവരുന്ന സാധാരണക്കാരായ ഏകദേശം ഒരു ലക്ഷത്തോളം പേർക്ക് ഗുണകരമായ രീതിയിലുള്ള ആശുപത്രി വികസനത്തിനാണ് ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. അതിനാൽ തന്നെ ഈ ഭൂമി ഏറ്റെടുക്കുന്നത് പൊതു ആവശ്യത്തിന് തന്നെ എന്നതിൽ തർക്കമില്ല.

## ഭൂമിയുടെ സ്വഭാവം



പാനൂർ സാമൂഹ്യാരോഗ്യകേന്ദ്രത്തിനെ താലൂക്കാശുപത്രിയായി വികസിപ്പിക്കുന്നതിന് തലശ്ശേരി താലൂക്കിലെ പാനൂർ വില്ലേജിലെ പാനൂർ ദേശത്തെ 78.7 ആർ ഭൂമി തോട്ടം വിഭാഗത്തിൽപെട്ടതാണ്. പാനൂർ നാൽകവലയിൽനിന്നും ഏകദേശം ഒന്നര കിലോമീറ്റർ അകലെയായി പാനൂർ പൂക്കോം റോഡിനോട് ചേർന്ന് കിടക്കുന്ന സ്ഥലമാണിത്. നാല് ഭാഗവും മതിൽകെട്ടി സംരക്ഷിക്കപ്പെട്ടിരിക്കുന്നതും മൊത്തത്തിൽ നിരപ്പായി കിടക്കുന്ന ഒരു പറമ്പുമാണിത്. നിലവിൽ ഈ പറമ്പിൽ യാതൊരു തരത്തിലുള്ള മരങ്ങളോ മറ്റേതെങ്കിലും തരത്തിലുള്ള ചമയങ്ങളോ ഇല്ല. സമീപ കാലത്തായി മൊത്തമായി നിരപ്പാക്കിയപോലെയാണ് ഈ സ്ഥലം ഇപ്പോൾ ഉള്ളത്. സ്ഥലത്തിന്റെ പടിഞ്ഞാറു ഭാഗത്തും കിഴക്കു ഭാഗത്തുമായി ഓരോ കിണറുകൾ ഉണ്ട്. ഇവ അല്പം മെച്ചപ്പെടുത്തിയാൽ ആശുപത്രിക്കു ആവശ്യമായ ശുദ്ധജലം ലഭിക്കും.




## ഭൂമിയുടെ ഉടമസ്ഥർ

| ക്രമനമ്പർ | ഉടമസ്ഥന്റെ പേര് | വിസ്തീർണം |
|---|---|---|
| 1 | നൊച്ചിക്കാട്ട് മുസ്തഫ | 78.7 ആർ |
| | **ആകെ** | **78.7 ആർ** |

മേൽ കാണിച്ച സ്ഥലം തലശ്ശേരി താലൂക്കിലെ പാനൂർ അംശം പാനൂർ ദേശത്തിൽപെട്ടതാണ്.

## കൃഷികൾ

മുകളിൽ സൂചിപ്പിച്ചതുപോലെ ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലം യന്ത്രസഹായത്താൽ നിരപ്പാക്കിയതുപോലെയാണ് ഉള്ളത്. അതുകൊണ്ടുതന്നെ ഈ സ്ഥലത്തു നിലവിൽ യാതൊരു തരത്തിലുള്ള കൃഷിയുമില്ല എന്ന് റിപ്പോർട്ട് ചെയ്യുന്നു.

## സ്ഥാപനങ്ങൾ

നേരത്തെ സൂചിപ്പിച്ചതുപോലെ ഇതൊരു ഒഴിഞ്ഞ പറമ്പാണ്. നിലവിൽ സ്ഥാപനം എന്ന നിർവചനത്തിൽപെടുന്ന യാതൊന്നുമില്ല.

## സാമൂഹ്യാഘാത പഠന യൂണിറ്റിന്റെ ഘടന

കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിലെ പാനൂർ വില്ലേജിൽപെട്ട പാനൂർ ദേശത്തെ റീ.സ 128/1, 128/2A, 128/2B ലെ 78.7 ആർ (1.94 ഏക്കർ) സ്വകാര്യ വ്യക്തിയുടെ ഭൂമി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി സാമൂഹ്യാഘാതങ്ങളെക്കുറിച്ചു പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിക്കപ്പെട്ടിരിക്കുന്നതു കണ്ണൂർ ബർണശ്ശേരി ആസ്ഥാനമായി കഴിഞ്ഞ 20 വർഷമായി പ്രവർത്തിച്ചുവരുന്ന Track A NGOആയ കയ്റോസ് (Kannur Association for Integrated Rural Organization and Support) കണ്ണൂരിനെയാണ്. ഈ ചുമതല നല്കപ്പെട്ടിരിക്കുന്നതു കണ്ണൂർ ജില്ലാ കളക്ടറുടെ 28.09.2020 ലെ DCKNR/2753/2020/C-1 നടപടിക്രമപ്രകാരമാണ്. ഇത് സംബന്ധിച്ച ഔദ്യോഗിക വിജ്ഞാപനം 2020 സെപ്റ്റംബർ 30 )ം തീയ്യതിയിലെ 2230 നമ്പർ അസാധാരണ ഗസറ്റിലും 01.10.2020 ലെ 2247) ാനമ്പർ അസാധാരണ ഗസറ്റിലും (തിരുത്തൽ വിജ്ഞാപനം )പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട് . പഠന യൂണിറ്റിന്റെ ഘടന താഴെ കാണിച്ചിരിക്കുന്നു.

| ക്രമ നമ്പർ | പേര് | പദവി |
|---|---|---|
| 1 | ഫാ.ഷൈജു പീറ്റർ (സോഷ്യോളജിസ്റ്) | ചെയർമാൻ |
| 2 | ശ്രീ. കെ.വി.ചന്ദ്രൻ ( റിട്ട.ഫിഷറീസ് ഡവ. ഓഫീസർ) | അംഗം |
| 3 | ശ്രീമതി. ജെസി റജി (ഡി.ടി.പി. ഓപ്പറേറ്റർ ) | അംഗം |
| 4 | ശ്രീ. പ്രസാദ് | ഓഫീസ് അസിസ്റ്റന്റ് |

**<u>പഠനോപാധികൾ</u>**



തലശ്ശേരി താലൂക്കിലെ പാനൂർ അംശം പാനൂർ ദേശത്തിലെ റീ.സ.128/1, 128/2A, 128/2B യിൽപെട്ട 78.7 ആർ സ്വകാര്യഭൂമിയാണ് പാനൂർ സാമൂഹിക ആരോഗ്യകേന്ദ്രത്തിന്റെ വികസനത്തിനായി ഏറ്റെടുക്കപെടേണ്ടിയിരിക്കുന്നത്. സ്ഥലത്തിന്റെ ഉടമ ഈ പരിസരത്തു താമസിക്കുന്നില്ല.കൂടാതെ സ്ഥലം വിട്ടു നല്കാൻ താല്പര്യമില്ലാത്തയാളാണ് എന്നും അറിയാൻ സാധിച്ചിട്ടുണ്ട്.അതുകൊണ്ടുതന്നെ Participatory Observation എന്ന ടൂൾ ഉപയോഗിച്ച് സമീപവാസികളെ കാണാനും അഭിപ്രായം ആരായാനും ശ്രമിച്ചിട്ടുണ്ട്. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ എല്ലാ ഭാഗത്തും സഞ്ചരിച്ച് ഫോട്ടോകൾ എടുത്ത് പ്രത്യേകതകൾ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ ആശുപത്രി വരുന്നതിനെ ഏറെ സന്തോഷത്തോടെ സ്വാഗതം ചെയ്യുന്ന ജനവിഭാഗത്തെ കാണാൻ കഴിഞ്ഞു. കൂടാതെ പൊതുഅവകാശം ഉന്നയിക്കാനുള്ള യോഗത്തിൽ കൂടുതൽ വ്യക്തത വരുത്താനും സാധിക്കും.

**<u>പൊതുഅവകാശവാദം കേൾക്കൽ.</u>**

കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽ പാനൂർ അംശം പാനൂർ ദേശത്തിലെ റീ.സ 128/1, 128/2A, 128/2B ലെ 78.7 ആർ സ്ഥലം പാനൂർ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പൊതുകേൾക്കൽ യോഗം 15.10.2020 നു പാനൂർ സാമൂഹ്യ ആരോഗ്യ കേന്ദ്രം ഹാളിൽ രാവിലെ 11 മണിക്ക് നടത്തി. യോഗത്തിൽ ജനപ്രതിനിധികളും സ്ഥലവാസികളും ഭൂവുടമയുടെ പ്രതിനിധിയുമടക്കം 15 പേർ പങ്കെടുത്തിരുന്നു. പൊതുഅവകാശവാദയോഗത്തിൽ പങ്കെടുത്തവരെ സ്വാഗതം ചെയ്തുകൊണ്ട് യോഗം വിളിച്ചുചേർത്തതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ചു സാമൂഹ്യആഘാത പഠന യൂണിറ്റ് അംഗം ശ്രി കെ.വി.ചന്ദ്രൻ വിശദീകരിച്ചു. തുടർന്ന് അഭിപ്രായങ്ങൾ ഉന്നയിക്കുന്നതിനായി തല്പരകക്ഷികളെ ക്ഷണിച്ചു.

യോഗത്തിന്റെ ഹാജരും നിർദേശങ്ങളും ചുവടെ ചേർത്തിരിക്കുന്നു

1. അഡ്വ. ശുഹൈബ്
2. ശ്രീ കെ.കെ.രാജൻ
3. സുഹറ ടീച്ചർ
4. രതി. എൻ
5. രാഗേഷ്. വി
6. സജീവൻ.പി
7. സി.കെ. ശ്രീജേഷ്
8. ബാലകൃഷ്ണൻ കെ.കെ
9. വിപിൻ, പാനൂർ
10. ഡോ. അനിൽകുമാർ
11. കെ.വി.ചന്ദ്രൻ
12. ലക്ഷ്മി രാജേഷ്
13. അഷ്‌റഫ് വി പി
14. ശാന്തി എം (ജെ എസ്)
15. രാജീവൻ സി (വില്ലജ് ഓഫീസർ )



1. <u>അഡ്വ. ശുഹൈബ് (സ്ഥലം ഉടമ മുസ്തഫയ്ക്ക് വേണ്ടി )</u>

പദ്ധതിയെക്കുറിച്ചു വ്യക്തമായ ധാരണയില്ല. അതിനാൽ ഇത് വ്യക്തമാക്കുന്ന ഫീസിബിലിറ്റി റിപ്പോർട്ട് ലഭ്യമാക്കിത്തരണം. അത് കിട്ടിക്കഴിഞ്ഞാൽ അഭിപ്രായം രേഖാമൂലം അറിയിക്കുന്നതായിരിക്കും.

15.10.2020 നു തന്നെ അർത്ഥനാധികാരിയായ ജില്ലാ മെഡിക്കൽ ഓഫീസറുടെ (ആരോഗ്യം) ഓഫീസിൽ പോകുകയും ഫീസിബിലിറ്റി റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കി, ആയതു അന്നുതന്നെ അഡ്വ. ശുഹൈബിന്റെ ഈമെയിലിൽ അയക്കുകയും ചെയ്തു കഴിഞ്ഞിട്ടുണ്ട്.

2. <u>ശ്രീ കെ.കെ.രാജൻ (മുൻ പഞ്ചായത്ത് അംഗം)</u>

ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലത്തിനടുത്തു താമസിക്കുന്നു. ഈ സ്ഥലം ആശുപത്രി സ്ഥാപിക്കാൻ ഏറെ അനുയോജ്യമാണ്. രോഗികൾക്കും മറ്റും എളുപ്പത്തിൽ എത്തിച്ചേരാൻ പറ്റും. എയർപോർട്ട് വികസനവുമായി ബന്ധപെട്ടു കിടക്കുന്ന റോഡിനു ചേർന്ന് കിടക്കുന്നതിനാലും നിലവിലുള്ള ആയുർവേദ ആശുപത്രിക്ക് അടുത്തായതിനാലും ഏറെ അനുയോജ്യം.



3. **<u>സുഹറ ടീച്ചർ (സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, പാനൂർ മുൻസിപ്പാലിറ്റി )</u>**

ഏറെ അനുയോജ്യമായ സ്ഥലമായതിനാൽ ആശുപത്രിക്കായി ഈ സ്ഥലം തന്നെ ഉപയോഗിക്കണം.

4. **<u>രതി. എൻ (സമീപവാസി )</u>**

ഈ സ്ഥലത്തു ആശുപത്രി വരുന്നതിൽ ഏറെ സന്തോഷം. അതോടൊപ്പം സമീപവാസികൾക്കു പ്രയാസം ഉണ്ടാകരുത്. കുടിവെള്ള ലഭ്യത, മാലിന്യസംസ്കരണം എന്നിവ പ്രത്യേകം ശ്രദ്ധിക്കണം.

5. **<u>രാഗേഷ്. വി (മുൻ XI ആം വാർഡ് കൺവീനർ )</u>**

മുൻപ് ആശുപത്രിക്കായി കണ്ടിരുന്ന സ്ഥലം ചതുപ്പായിരുന്നു.അതിനുശേഷം കണ്ടുവെച്ചിരിക്കുന്ന ഈ സ്ഥലം നല്ല പറമ്പാണ്. വെള്ളത്തിന് ക്ഷാമമുണ്ടാകില്ല. നാട്ടുകാരുടെ ഏറെ വർഷങ്ങളായുള്ള ആവശ്യമാണ് ഇത്. ആയുർവേദ ആശുപത്രിയും ഈ പരിസരത്തു തന്നെ ആയതിനാൽ ഭാവി വികസനത്തിന് ഉതകും.

6. **<u>സജീവൻ.പി ( സാമൂഹ്യ പ്രവർത്തകൻ )</u>**

ആശുപത്രി വികസനം ഈ പ്രദേശത്തിന്റെ വികസനത്തിന് ഒഴിച്ച് കൂടാനാവാത്തതാണ്. ടൗണിന്റെ തിരക്കിൽനിന്നു മാറിയാണെങ്കിലും ടൗണിനോട് ചേർന്ന് കിടക്കുന്ന ഭൂമിയാണ് . ഭൂവുടമയ്ക്കു ന്യായമായ വില ലഭിക്കാനുള്ള സാഹചര്യം കൂടി ഉണ്ടാകണം.

7. **<u>സി.കെ. ശ്രീജേഷ് (സമീപവാസി )</u>**

മൂന്നും നാലും സ്ഥലങ്ങൾ മാറിമാറിക്കണ്ടു ഒടുവിലാണ് ഈ സ്ഥലത്തേക്ക് എത്തിയത്., മെയിൻ റോഡിനോട് ചേർന്ന് കിടക്കുന്നതിനാൽ വാഹന സൗകര്യമുള്ള ഉചിതമായ സ്ഥലം. ഉടമയ്ക്ക് ന്യായമായ നഷ്ടപരിഹാരം ലഭ്യമാക്കപ്പെടണം.

**8. ബാലകൃഷ്ണൻ കെ.കെ. (സമീപവാസി)**
ആശുപത്രി വികസനത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്തു തന്നെ നാട്ടുകാരുടെ കമ്മിറ്റി ഉണ്ടാക്കി പ്രവർത്തനം നടത്തിയിരുന്നു. സാങ്കേതികമായി എല്ലാ സൗകര്യങ്ങൾക്കും ഉള്ളതിനാൽ തന്നെ താലൂക്കാശുപത്രിക്കു ഏറെ അനുയോജ്യം. മാലിന്യ നിർമ്മാജ്ജനം ഒരു പ്രശ്നം തന്നെയാണ്. മുൻപ് നിറയെ മരങ്ങൾ ഉണ്ടായിരുന്ന സ്ഥലമാണ്. പർച്ചേസ് കമ്മിറ്റി ചേർന്ന്, നെഗോഷിയേറ്റ് ചെയ്ത് നല്ല വില ലഭ്യമാക്കണം. മാലിന്യ പ്രശ്നം പരിഹരിച്ചു മാത്രമേ നിർമ്മാണ പ്രവർത്തനവുമായി മുന്നോട്ടു പോകാവൂ.

**9. വിപിൻ, പാനൂർ (ആരോഗ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് )**
മൂന്നു പഞ്ചായത്തുകൾ ചേർന്ന് രൂപീകരിക്കപ്പെട്ട പുതിയ നഗരസഭ (കരിയാട്, പെരിങ്ങളം, പാനൂർ ) തൃപ്പങ്ങോട്ടൂർ, കുന്നോത്തുപറമ്പ, മൊകേരി, ചൊക്ലി, പന്ന്യന്നൂർ തുടങ്ങി അഞ്ചു പഞ്ചായത്തുകളുമായി അതിർത്തി പങ്കിടുന്നു. സ്വകാര്യ മേഖലയിലും ആധുനിക രീതിയിലുള്ള കിടത്തി ചികിത്സാ സൗകര്യമില്ല. ഡയാലിസിസ് കേസുകൾ കൂത്തുപറമ്പ് / തലശ്ശേരി ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്നു. മാലിന്യ നിർമ്മാജ്ജന പദ്ധതിക്ക് അംഗീകാരം ലഭിച്ചാൽ മാത്രമേ ആശുപത്രിക്ക് അംഗീകാരം ലഭിക്കുകയുള്ളു. ഏറെ അനുയോജ്യമായ സ്ഥലം.

**10. ഡോ. അനിൽകുമാർ (മെഡിക്കൽ ഓഫീസർ )**
ഈ ആശുപത്രി വികസിപ്പിക്കാൻ നിലവിൽ സൗകര്യമില്ല. ഫിസിയോതെറാപ്പി, ഡയാലിസിസ് എന്നിവയ്ക്ക് യൂണിറ്റ് അംഗീകരിക്കപ്പെട്ടിരുന്നെങ്കിലും സ്ഥല സൗകര്യമില്ലാത്തതിനാൽ പ്രാവർത്തികമായില്ല. കോഴിക്കോട് ജില്ലയുമായി അതിർത്തി പങ്കിടുന്ന നാദാപുരം ഭാഗത്തുനിന്നും രോഗികൾ ഇവിടെ എത്തുന്നു. അതിനാൽ ആശുപത്രി വികസനം അനിവാര്യമാണ്. പുതിയ സ്ഥലം വേണം.

യോഗം 1 മണിക്ക് അവസാനിച്ചു.

അന്തിമ റിപ്പോർട്ട് ഇരുപതു ദിവസങ്ങൾക്കകം തന്നെ തയാറാക്കി സമർപ്പിക്കേണ്ടതിനാലാണ് പൊതു അവകാശവാദ യോഗം കഴിഞ്ഞ ദിവസം തന്നെ അർത്ഥനാധികാരിയിൽ നിന്നും ലഭിച്ച ഫീസിബിലിറ്റി റിപ്പോർട്ട്, ആവശ്യപ്പെട്ടതിൻ പ്രകാരം ഭൂവുടമയുടെ പ്രതിനിധിക്ക് ലഭ്യമാക്കിയിരുന്നു.

അതുപോലെതന്നെ മാലിന്യ നിർമ്മാർജ്ജനമാണ് ഉയർന്ന് വന്ന മറ്റൊരു വിഷയം. ഈ വിഷയത്തിന് ശാശ്വത പരിഹാരം കണ്ടതിനു ശേഷമേ ആശുപത്രിക്ക് അംഗീകാരം ലഭിക്കുകയുള്ളു എന്ന് ആരോഗ്യവകുപ്പു

മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് അംഗം വിപിൻ അഭിപ്രായപ്പെട്ടിരുന്നു. ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലം ഏറെ അനുയോജ്യമാണെന്നതാണ് പൊതുവായി ഉയർന്നുവരുന്ന വികാരം. ഭൂവുടമയ്ക്കു ന്യായമായ നഷ്ടപരിഹാരം ലഭ്യമാക്കപ്പെടണമെന്നും പൊതു അഭിപ്രായമായി ഉയർന്നു വന്നിരുന്നു.

.

## ആഘാതങ്ങൾ

## തൊഴിലിനുണ്ടാകുന്ന ആഘാതം

നേരത്തെ വ്യക്തമാക്കിയത് പോലെ, ഈ ഭൂമി യാതൊരു വിധത്തിലുള്ള അനുഭവങ്ങളുമില്ലാത്ത ശൂന്യമായ ഒരു പറമ്പാണ്. അതിനാൽത്തന്നെ ഈ സ്ഥലത്തെ ആശ്രയിച്ചു ആരും തന്നെ ഒരു തരത്തിലുള്ള തൊഴിലിലും ഏർപ്പെട്ടിട്ടില്ല. സ്ഥലമേറ്റെടുപ്പ് മൂലം തൊഴിലിനു ആഘാതം ഉണ്ടാകുന്നില്ല.

## വരുമാനത്തിനുള്ള ആഘാതം

ഒരു ഫുട്ബോൾ ഗ്രൗണ്ട് പോലെ വിശാലമായി കിടക്കുന്ന ഈ പറമ്പിൽനിന്നു യാതൊരു വിധത്തിലുള്ള വരുമാനവും നിലവിൽ ലഭിക്കുന്നില്ല. അതുകൊണ്ടുതന്നെ വരുമാനത്തിന് ആഘാതമുണ്ടാകുന്നില്ല.

## പൊതു ഇടങ്ങൾക്കും സ്ഥാപനങ്ങൾക്കും ഉണ്ടാകുന്ന ആഘാതം

ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തു പൊതു ഇടങ്ങളോ സ്ഥാപനങ്ങളോ ഇല്ല. അതിനാൽ തന്നെ ഈ സ്ഥലം ഏറ്റെടുക്കുന്നത് മൂലം പൊതു ഇടങ്ങൾക്കോ സ്ഥാപനങ്ങൾക്കോ യാതൊരു തരത്തിലുള്ള ആഘാതവും ഉണ്ടാകുന്നില്ല.

## പാരിസ്ഥിതിക ആഘാതം.

ഏറ്റെടുക്കപെടാൻ ഉദ്ദേശിക്കുന്ന സ്ഥലം മുകളിൽ വ്യക്തമാക്കിയത് പോലെ ഒഴിഞ്ഞു കിടക്കുന്ന ഒരു പറമ്പാണ്. പാരിസ്ഥിതികമായ പ്രാധാന്യമുള്ള യാതൊന്നും തന്നെ ഈ സ്ഥലവുമായോ അതിന്റെ ചുറ്റുപാടുകളുമായോ ബന്ധപെട്ടു കിടക്കുന്നില്ല. അതിനാൽ തന്നെ ഈ സ്ഥലമേറ്റെടുപ്പ് പരിസ്ഥിതിക്ക് യാതൊരു ആഘാതവുമുണ്ടാക്കുന്നില്ല എന്ന് വ്യക്തമാക്കുന്നു.

പൊതുവെ നോക്കുകയാണെങ്കിൽ ആദിവാസികൾക്കും പട്ടികജാതിക്കാർക്കുമടക്കം ഏകദേശം ഒരു ലക്ഷത്തിലധികംപേർക്ക് ആശ്രയിക്കാവുന്ന തരത്തിൽ പാനൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിനായി പാനൂർ അംശം ദേശത്തിലെ സ്വകാര്യ വ്യക്തിയുടെ സ്ഥലം ഏറ്റെടുക്കുന്നതുകൊണ്ടു ആരുടെയെങ്കിലും തൊഴിലിനോ, വരുമാനത്തിനോ, പൊതുഇടങ്ങൾക്കോ, പൊതുസ്ഥാപനങ്ങൾക്കോ,

പരിസ്ഥിതിക്കോ ഒരു തരത്തിലുള്ള ആഘാതങ്ങളും ഉണ്ടാകുന്നില്ല എന്ന് റിപ്പോർട്ട് ചെയ്യുന്നു. ഈ പദ്ധതിയുമായി മുന്നോട്ടു പോകാവുന്നതാണ്.

**19.10.2020**

**ചെയർമാൻ**
**സാമൂഹ്യാഘാത പഠനയൂണിറ്റ്**
**(കയ്റോസ്, കണ്ണൂർ )**